# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5009    28.10.2016 ൽ മറുപടിയ്ക്ക്**

## പ്ലാവ്, മാവ് എന്നിവയുടെ കൃഷി

| ചോദ്യം<br>ശ്രീ.യു.ആർ.പ്രദീപ് | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) പ്ലാവ്, മാവ് എന്നിവയുടെ കൃഷി വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ വിളവിസ്തൃതി വ്യാപനം/പുതിയ കൃഷിത്തോട്ടങ്ങളുടെ സ്ഥാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി മാവിന്റെ വിളവിസ്തൃതി 50 ഹെക്ടറായി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മാവ് കൃഷിയ്ക്ക് ഹെക്ടറൊന്നിന് 18000/- രൂപയും, മാവിന്റെ അതിസാന്ദ്രതാ കൃഷിയ്ക്ക് ഹെക്ടറൊന്നിന് 24000/- രൂപയും ധനസഹായം നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടർ വരെയാണ് സഹായം നൽകുന്നത്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതി പ്രകാരം പ്ലാവ് കൃഷി ചെയ്യുന്നതിന് ധനസഹായം നൽകുന്നില്ല. |
| ബി) ഔഷധഗുണമുള്ള ചക്ക, ഇടിയൻ ചക്ക, മാങ്ങ എന്നിവ സംഭരിച്ച് ഹോർട്ടികോർപ്പ് മുഖേന വില്പന നടത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | ബി) ചക്ക, ഇടിയൻ ചക്ക, മാങ്ങ എന്നിവ ഹോർട്ടികോർപ്പ് സംഭരിക്കുന്നതാണ്. കൂടാതെ ചക്ക, മാങ്ങ എന്നിവ സംഭരിച്ച് സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി ഹോർട്ടികോർപ്പ് വഴി വിപണനം നടത്തുന്നതിനുള്ള പദ്ധതിയും ലക്ഷ്യമിടുന്നുണ്ട്. |

S. [signature]

**സെക്ഷൻ ഓഫീസർ**